പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 477 — 30.06.2014-ൽ മറുപടിക്ക്

## സമാന്തര സർവ്വീസുകളുടെ നിയന്ത്രണം

**ചോദ്യം**

ശ്രീ. രാജു എബ്രഹാം :
" കെ.കെ. ജയചന്ദ്രൻ :
" സി. കൃഷ്ണൻ :
ശ്രീമതി. കെ. എസ്. സലീഖ :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ആവശ്യത്തിന് ബസ്സുകൾ നിരത്തിലിറക്കി, ദീർഘദൂരവും ഹ്രസ്വദൂരവുമായുള്ള സമാന്തര സർവ്വീസുകൾ നിയന്ത്രിക്കാൻ തയ്യാറാകുമോ; | (എ) | മോട്ടോർ വാഹന വകുപ്പിന്റെയും, പോലീസിന്റെയും ഫലപ്രദമായ ഇടപെടൽ ഉറപ്പാക്കി മാത്രമേ സമാന്തര സർവ്വീസുകളെ നിയന്ത്രിക്കാൻ കഴിയുകയുള്ളൂ. ഇതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി കൂടുതൽ ബസുകൾ നിരത്തിലിറക്കി സമാന്തര സർവ്വീസുകളെ നിയന്ത്രിക്കാൻ ഒരു പരിധിക്കപ്പുറം കഴിയില്ല. |
| (ബി) | സമാന്തര സർവ്വീസുകൾ കെ.എസ്.ആർ.ടി.സി ക്ക് ഭാരിച്ച നഷ്ടമുണ്ടാക്കുന്നുണ്ടെന്നറിയാമോ; | (ബി) | സമാന്തര സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തെ ബാധിക്കുന്നുണ്ട്. |
| (സി) | സമാന്തര സർവ്വീസുകൾ നിയന്ത്രിച്ചാൽ മാത്രമേ കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കാനാവൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ